<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ടൂറിസം രംഗത്ത് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ ടൂറിസം വളർച്ച കൈവരിച്ച സംസ്ഥാനം എന്ന നിലയിൽ ടൂറിസം രംഗത്ത് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ജന സൗഹൃദമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ധർമ്മടം മുഴപ്പിലങ്ങാട് ബീച്ച്, ബേക്കൽ, ബേപ്പൂർ, കുമരകം, മൂന്നാർ തുടങ്ങിയ കേന്ദ്രങ്ങളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കി വരുന്നു . |
| (ബി) | എല്ലാ ടൂറിസം കേന്ദ്രങ്ങളിലും വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ട് ശുചിത്വം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസുകാരുടെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിത മാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കിവരികയാണ് . തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി , കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പു വരുത്തുന്നതിനായുള്ള ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിനു പുറമേ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) ൽ എത്തിച്ചു നൽകുന്ന ഒരു പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലേയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ഡി.ടി.പി.സി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ